പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1961 — 22/01/2014 ൽ മറുപടിയ്ക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇടുക്കി ജില്ലയ്ക്കനുവദിച്ച ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ അപേക്ഷ നൽകി ധനസഹായം അനുവദിച്ചിരിക്കുന്ന അർഹതപ്പെട്ടവർക്ക് യഥാസമയം സഹായം വിതരണം നടത്താതിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഫണ്ടിന്റെ അപര്യാപ്തതമൂലം കാലതാമസം നേരിടുന്നുണ്ട് |
| (ബി) ഇടുക്കി ജില്ലയിൽ 2013 നവംബർ 30 വരെ എത്ര പേർക്കാണ് സഹായം വിതരണം ചെയ്യാനുള്ളത് ; | (ബി) ഇടുക്കി ജില്ലയിൽ 2013 നവംബർ 30 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1006 പേർക്ക് ധനസഹായം വിതരണം ചെയ്യാനുണ്ട്. |
| (സി) സഹായം വൈകാനുള്ള സാഹചര്യം വിശദമാക്കാമോ; ധനസഹായം കാലതാമസം കൂടാതെ വിതരണം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.